6. ആതിരപ്പിള്ളി വെള്ളച്ചാട്ടത്തിന്റെ സമഗ്രടൂറിസം വികസനം
7. പറമ്പിക്കുളത്ത് ടൂറിസ്റ്റുകൾക്ക് 'ടെന്റഡ്' താമസ സൗകര്യം
8. പറശ്ശിനിക്കടവിൽ ടൂറിസം വികസന പദ്ധതി
9. മുത്തങ്ങയിൽ ടൂറിസ്റ്റ് കോംപ്ലക്സ്
10. നിലമ്പൂരിൽ ടൂറിസ്റ്റ് കോംപ്ലക്സ്
11. മേപ്പാടിയിൽ വഴിയോര വിശ്രമകേന്ദ്രം.

കൂടാതെ കായലോര ടൂറിസം വികസനത്തിന്റെ ഭാഗമായും കേന്ദ്ര ടൂറിസം മന്ത്രാലയം താഴെ പറയുന്ന പദ്ധതികൾക്കും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്:

(എ) 8 ഫ്ലോട്ടിംഗ് ജെട്ടികൾ

(ബി) നീലേശ്വരത്ത് ഹൗസ്ബോട്ട് ടെർമിനൽ

(സി) കനയൻക്കോട് അഴീക്കൽ, കൊറ്റി, ആയറ്റിക്കടവ് എന്നീ സ്ഥലങ്ങളിൽ ബോട്ട്ജെട്ടികൾ

(ഡി) വാടിക്കലിൽ ഹൗസ്ബോട്ട് ടെർമിനലിന്റെ നിർമ്മാണം.

(ബി) കാപ്പാട് ബീച്ചിന്റെ വികസനത്തിന് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്.

(സി) 146.58 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ ടൂറിസം പദ്ധതികളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ ലഭിക്കുന്നതിനുള്ള കാലതാമസം

64 [1152] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ ടൂറിസം വികസന പദ്ധതിയിലുൾപ്പെടുത്തി ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ച് ആവശ്യമായ റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ ടൂറിസം സെക്രട്ടറി ടൂറിസം ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഗവൺമെന്റ് സെക്രട്ടറിയേറ്റിൽ നിന്നും ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ ടൂറിസം ഡയറക്ടർ യഥാസമയം നൽകുന്നില്ല എന്ന വസ്തുത സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന് ലഭ്യമാകേണ്ട റിപ്പോർട്ടുകൾ യഥാസമയം നൽകുവാൻ ടൂറിസം ഡയറക്ടർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly